"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - ബഹു.തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ കേസ്.നം 99/12 ലെ ഉത്തരവ് - നഷ്ടപരിഹാര തുക ഒടുക്കൽ - ബാക്കി തുകയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.897/2024/PWD തിരുവനന്തപുരം, തീയതി,02-09-2024

---

പരാമർശം:-
1. സഉ(അച്ചടി)32/2019/ധന തീയതി 18.03.2019
2. സ.ഉ.(സാധാ) നം.1351/2023/PWD തീയതി 15.10.2023
3. ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ 29.06.2024 ലെ CEPWD/10663/2020-C3(F)-NH നം. കത്ത്.

**ഉത്തരവ്**

ബഹു.തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ കേസ്.നം. 99/12 ലെ ഉത്തരവ് അനുസരിച്ച് പ്രസ്തുത കേസ് തീർപ്പാക്കുന്നതിലേയ്ക്കായി പരാമർശം 2 ലെ ഉത്തരവ് പ്രകാരം 11,98,291 / - രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത കേസിൽ ബാക്കി തുകയായ 22,538/- രൂപ അനുവദിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു.തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ 99/12 ലെ ഉത്തരവ് പ്രകാരം ഒടുക്കുവാൻ ബാക്കിയുള്ള തുകയായ 22,538/- രൂപ (ഇരുപത്തി രണ്ടായിരത്തി അഞ്ഞൂറ്റി മുപ്പത്തെട്ട് രൂപ മാത്രം) യുടെ ഭരണാനുമതി അധിക തുക തിരിച്ചടയ്ക്കണമെന്ന നിബന്ധനയോടെ ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക 2024-25 സാമ്പത്തിക വർഷത്തിൽ '5054-01-800-97-പി (സി)' എന്ന ശീർഷകത്തിൽ വകയിരുത്തപ്പെട്ട തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീദേവി ഇ എസ്

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, തിരുവനന്തപുരം.
എക്സി.എഞ്ചിനീയർ (ദേശീയപാതാ) പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
ജില്ലാകളക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
ഓഫീസ് കോപ്പി D2/150/2020-PWD

ഉത്തരവിൻ പ്രകാരം

Signed by

Chithra G S

Date: 04-09-2024 16:43:27

സെക്ഷൻ ഓഫീസർ